2004-05 വർഷത്തിൽ നികുതിയിനത്തിൽ ഉണ്ടായ വർദ്ധനവ്

2 [1719] ശ്രീ. എം. വി. ജയരാജൻ :

" വി. ചെന്താമരാക്ഷൻ :

" എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതിയിനങ്ങളിൽ 2004-05 വർഷങ്ങളിൽ ഏതെല്ലാം വകുപ്പുകളിലാണ് നികുതി വർദ്ധനവ് ഉണ്ടായതെന്ന് വ്യക്തമാക്കുമോ ;

(ബി) 2003-04 വർഷങ്ങളിൽ വർദ്ധനവ് ഉണ്ടായ വകുപ്പുകൾ ഏതെല്ലാമാണ് ;

(സി) 2003-04, 2004-05 വർഷങ്ങളിൽ എത്ര തുകവീതം ഈയിനത്തിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) വിവിധ മേഖലകളിലായി എന്തു തുക സർക്കാരിന് പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പിരിഞ്ഞുകിട്ടാനുള്ള തുക പിരിച്ചെടുക്കാൻ എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2004-05 വർഷത്തിൽ 2004 ഡിസംബർ വരെയുള്ള കണക്കുകൾ 2003-04-ലെ അതേ കാലയളവിലെ കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ എല്ലാ വകുപ്പുകളിലും നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) 2003-04 വർഷങ്ങളിൽ കാർഷികാദായ നികുതി, ഭൂ നികുതി, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും, വില്പന നികുതി, വാഹന നികുതികൾ എന്നിവയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 2003-04, 2004-05 വർഷങ്ങളിൽ ലഭിച്ചിട്ടുള്ള നികുതി വരുമാനം താഴെ വിവരിക്കുന്ന പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നികുതിയിനങ്ങൾ	2003-04-ലെ വരവ്	2004-05 (ഡിസംബർ വരെ) വരവ്
	(തുക കോടിയിൽ)	
കാർഷികാദായ നികുതി	8.74	1.94
ഭൂ നികുതി	40.59	30.48
മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും	549.81	503.89
എക്സൈസ് (സ്റ്റേറ്റ്)	655.91	490.56
വിൽപ്പന നികുതി	5991.43	4492.62
വാഹന നികുതികൾ	585.77	456.44
വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും	189.97	7.31

(ഡി) എക്സൈസ് വകുപ്പിൽ 30-6-2004-ലെ കണക്കനുസരിച്ച് 278,90,98,105 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. വാണിജ്യ നികുതി വകുപ്പിൽ 2004-05 വർഷത്തിൽ ഡിസംബർ 31 വരെ വിൽപ്പന നികുതി ഇനത്തിൽ 2702.60 കോടി രൂപയും കാർഷികാദായ നികുതി ഇനത്തിൽ 67.20 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ട്. ബാക്കി നികുതികളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ഇ) എക്സൈസ് വകുപ്പിൽ നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കോടതി നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ വാണിജ്യ നികുതി വകുപ്പിൽ സ്വീരിച്ചിട്ടുള്ള നടപടികൾ താഴെ വിവരിക്കുന്നു:

1. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വിൽപ്പന നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.

2. കുടിശ്ശിക പിരിവിൽ കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ കമ്മീഷണറേറ്റിൽ നിന്നും നേരിട്ട് പരിശോധന നടത്തുന്നതിനും പിരിവ് ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. കോടതി സ്റ്റേ ചെയ്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് പ്രസ്തുത കേസുകൾ വേഗം തീർപ്പാക്കി കിട്ടുന്നതിനായി പ്രത്യേകം ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറുടെ കീഴിൽ പ്രത്യേക വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രത്യേക സെറ്റിൽമെന്റ് സ്കീം കൊണ്ടുവരികയും തൽഫലമായി 23.15 കോടിയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു.

മറ്റു നികുതികളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

വിവിധ കോടതികളിൽ നിലവിലുള്ള സെയിൽസ് ടാക്സ് കേസുകൾ

3 [1720] ശ്രീ. സി. പി. മുഹമ്മദ് :
" കടവൂർ ശിവദാസൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. അച്ചുതൻ :
" കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 31-12-2004-ലെ കണക്കനുസരിച്ച് എത്ര തുകയുടെ സെയിൽസ് ടാക്സ് കേസുകൾ വിവിധ കോടതികളുടെ മുമ്പിൽ ഉണ്ട് ;

(ബി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് വിവിധ അധികാരസ്ഥൻമാരുടെ മുമ്പാകെ ഉള്ള എത്ര തുകയുടെ എത്ര വിൽപ്പന നികുതി കേസുകൾ ഉണ്ട് ;

(സി) പ്രസ്തുത ഇനങ്ങളിൽ ഏറ്റവും കാലപ്പഴക്കമുള്ള കേസിന്റെ പഴക്കമെത്ര യാണ് ;

(ഡി) സെയിൽസ് ടാക്സ് കേസുകൾമൂലം ഗവൺമെന്റിനു ലഭിക്കാനുള്ള പണം ട്രഷറിയിൽ അടയ്ക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്നുണ്ടോ ;

(ഇ) എങ്കിൽ പണം അടച്ചതിനുശേഷം കേസ് നൽകുകയും കേസിന്റെ അവസാനത്തിൽ വിധിയോ തീരുമാനമോ കഴിച്ചുള്ള തുക റീഫണ്ട് ചെയ്യുകയോ ഭാവി നികുതിയിലേക്ക് വകവയ്ക്കുകയോ ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 31-12-2004-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 782.22 കോടി രൂപയുടെ സെയിൽസ് ടാക്സ് കേസുകൾ വിവിധ കോടതികളുടെ മുമ്പിലുണ്ട് . കൂടാതെ 1531 കോടി രൂപയുടെ കേസുകൾ വിവിധ അപ്പലേറ്റ് ട്രൈബ്യൂണലുകളുടെ മുമ്പാകെയുണ്ട്.

(ബി) 31-12-2004-ലെ കണക്കനുസരിച്ച് വിവിധ അധികാരസ്ഥൻമാരുടെ മുമ്പാകെ 97.23 കോടി രൂപയുടെ 9814 വിൽപ്പന നികുതി കേസുകൾ ഉണ്ട്.

(സി) പ്രസ്തുത ഇനങ്ങളിൽ ഏറ്റവും കാലപ്പഴക്കമുള്ള കേസ് 1974-75 വർഷത്തെ നികുതിയെ സംബന്ധിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly